പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ.1228

11..02..2016 ൽ

മറുപടിയ്ക്ക്.

## നദീതീരങ്ങളിലെ അനധികൃത കൈയ്യേറ്റങ്ങൾ

ചോദ്യം

ശ്രീ.ഇ.കെ.വിജയൻ

ഉത്തരം

ശ്രീ .അടൂർ പ്രകാശ്

(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ നദീതീരങ്ങളിലെ അനധികൃത കൈയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ നദീതീര സംരക്ഷണത്തിനും കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും മലിനീകരണം തടയുന്നതിനും എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ? | (ബി) | നദീതീരങ്ങളിലെ അനധികൃത കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് കേരളാ ഭൂ സംരക്ഷണ നിയമം, 1957 പ്രകാരം ജില്ലകളിൽ നടപടികൾ സ്വീകരിച്ചുവരുന്നു. നദീതീര സംരക്ഷണവും സൗന്ദര്യവത്ക്കരണവും ലക്ഷ്യമാക്കി സർക്കാർ 'പുഴമുതൽ പുഴവരെ' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തീരപ്രദേശത്ത് വൃക്ഷങ്ങളും ചെടികളും വള്ളിച്ചെടികളും വച്ചുപിടിപ്പിച്ച് തീരം മനോഹരമാക്കുകയും അനധികൃത മണൽഖനനം, കൈയ്യേറ്റം, എന്നിവ തടയുക എന്നതുമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| | | | മലിനീകരണം തടയുന്നതിനായി സർക്കാർ ക്ലീൻ കേരള പദ്ധതിയ്ക്ക് തുടക്കമിട്ടിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ